# GOOD SAMARITAN

## CHARITABLE & RELIEF SOCIETY

**G S C R S - A Voluntary Movement for Charity Works**
Reg. No. P 430/2009
Ph: 8547224211, 9947379213 (M)
Website : www.goodsamaritanranni.org, E-mail : bensiachenranni@gmail.com

## പന്ത്രണ്ടാമത് വാർഷിക റിപ്പോർട്ട് (2020 – 2021)

ദൈവ പരിപാലനയാൽ നിറയപ്പെട്ട് അനുഗ്രഹീതമായ പന്ത്രണ്ട് കരുണാർദ്രമായ വർഷങ്ങൾ പിന്നിടുവാൻ നല്ല ശമര്യാക്കാരൻ ചാരിറ്റബിൾ ആന്റ് റിലീഫ് സൊസൈറ്റിക്ക് കഴിഞ്ഞതിൽ സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. 2009 നവംബർ മാസത്തിൽ ഈ പ്രസ്ഥാനം പ്രാർത്ഥനാപൂർവ്വം ആരംഭിച്ചപ്പോൾ സഹായമർഹിക്കുന്നവരെ കണ്ടെത്തി സഹായിക്കുക എന്ന അടിസ്ഥാന ലക്ഷ്യമിട്ടത് വ്യതിചലിക്കാതെ സഫലീകരിക്കുവാൻ സാധിച്ചു. നിരവധി ജീവകാരുണ്യ – സാമൂഹ്യ സേവന പ്രവർത്തനങ്ങൾ മാതൃകാപരമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിച്ചതിനു പിന്നിൽ പ്രാർത്ഥനയുടെ പിൻബലവും നല്ലവരുമായ ആളുകളുടെ സഹകരണവും സഹായങ്ങളുമാണെന്നത് എടുത്തുപറയുവാൻ ആഗ്രഹിക്കുന്നു.

ഗുഡ് സമരിറ്റൻ അംഗങ്ങളുടെ സമർപ്പിതമായ സേവന താൽപ്പര്യങ്ങൾക്കു മുമ്പിൽ ഈശ്വരകൃപയുടെ പൂർത്തീകരണം അനുഭവിക്കുവാൻ സാധിക്കുന്നത്, ഇത് ദൈവമഹത്വത്തിനുതകുന്ന പ്രവർത്തനമാണ് എന്നതിനാൽ മാത്രമാണ്. 2020 – 2021 വർഷം കോവിഡ് രോഗ പ്രതിരോധത്തിലായിരുന്നതിനാൽ പ്രവർത്തനങ്ങൾ മന്ദഗതിയിലായിരുന്നു.

### മുൻകാല പ്രവർത്തനങ്ങൾ

പ്രഥമ പദ്ധതിയായ **"ആർദ്രത"** പ്രാരംഭ പ്രവർത്തനമായി 2010 ജനുവരി 7 ന് ആരംഭിച്ചു. ശബരിമല വനമേഖലയിൽ റാന്നി വനം ഡിവിഷനിലെ ഗൂഡ്രിക്കൽ റേഞ്ച് പരിധിയിൽ ഒറ്റപ്പെട്ടു കഴിയുന്ന ആദിവാസി മലംപണ്ടാര കുടുംബങ്ങൾക്കിടയിൽ ജീവകാരുണ്യ-ആരോഗ്യ-ബോധന -ഭക്ഷണ-വസ്ത്ര-വൈദ്യ സഹായങ്ങളുമായി കൃത്യമായ ഇടവേളകളിലും പിന്നീട് തുടർ സന്ദർശനങ്ങളുമായും കടന്നുചെന്നു. ഇവരുടെ പുനരധിവാസത്തിനായി സർക്കാരിനോട് ആവശ്യപ്പെടുകയും മാദ്ധ്യമങ്ങൾ വഴി പൊതുസമൂഹത്തെ അറിയിക്കുകയും ചെയ്തു. സർക്കാർ സഹായങ്ങളും സേവനങ്ങളും ഊർജ്ജിതമാവുകയും തുടർനടപടികൾ നടന്നു വരികയും ചെയ്യുന്നതിൽ ജി.എസ്.സി.ആർ.എസ്. ന്റെ പ്രവർത്തനങ്ങൾ പ്രധാന കാരണമായിട്ടുണ്ടെന്നത് സന്തോഷം പകരുന്നു. നിരവധി സാമൂഹ്യ സംഘടനകൾ ഈ മേഖലയിൽ സേവനവുമായി എത്തുവാനും ജി.എസ്.സി.ആർ.എസ്. പ്രവർത്തനങ്ങൾ പ്രേരണയായി.

ഈ പ്രദേശം കേന്ദ്രീകരിച്ചിട്ടുള്ള പ്രവർത്തനവും സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സർവ്വശിക്ഷാ അഭിയാന്റെ (എസ്.എസ്.എ.) റാന്നി ബി.ആർ.സി. യുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയും സഹായങ്ങളും നൽകിയതിന്റെ ഫലമായി ഈ മേഖലയിലെ പുതുതലമുറയെ ദിശാബോധമുള്ളവരായി നേർവഴിയിൽ വളരുവാൻ തക്കവണ്ണം മുഴുവൻ കുട്ടികളേയും സ്കൂൾ പഠനത്തിലെത്തിക്കുവാൻ കഴിഞ്ഞു. **"കാരുണ്യഹസ്തം"** എന്ന

...ന്ദാമത്തെ പദ്ധതി 24.10.2010 ൽ ആരംഭിച്ചു. അനാഥശാല, രോഗികൾ, തെരുവിലലയുന്നവർ ഇവർക്കിടയിൽ സാന്ത്വന സന്ദർശമം നടത്തുക. ഭക്ഷണ-വിദ്യാഭ്യാസ-രോഗി സഹായങ്ങൾ നൽകുക, പൊതുവായ ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഭവന നിർമ്മാണ സഹായങ്ങൾ, ഭവന നിർമ്മാണം, ബോധവത്ക്കരണ പരിപാടികൾ ഇവ നടത്തിവരുന്നു.

**പതിനൊന്നാമത് വാർഷികം**

പതിനൊന്നാമത് വാർഷിക ജനറൽ ബോഡിയോഗം 2020 ആഗസ്റ്റ് 30-ാം തീയതി 5.00 പി.എം. ന് കിഴക്കേതിൽ റവ. ഫാ. ബെൻസി മാത്യുവിന്റെ ഭവനത്തിൽ നടന്നു. 2019 - 2020 വർഷത്തെ കണക്ക്, റിപ്പോർട്ട് എന്നിവ അവതരിപ്പിച്ച് പാസ്സാക്കി. 04.09.2020 ൽ വാർഷിക റിപ്പോർട്ടും കണക്കും ബഹു. ജില്ലാ രജിസ്ട്രാർ മുമ്പാകെ സമർപ്പിച്ചു.

**പ്രതിമാസ ജാഗരണ പ്രാർത്ഥനായോഗം**

2012 ഫെബ്രുവരി 20 ന് തുടക്കം കുറിച്ച പ്രതിമാസ ജാഗരണ പ്രാർത്ഥന ഇക്കൊല്ലം കോവിഡ് സാഹചര്യത്തിൽ മീറ്റിംഗുകൾ നടത്തിയില്ല. അംഗങ്ങൾ പരസ്പരം ഫോണിൽ ബന്ധപ്പെടുകയും വ്യക്തിഗത പ്രാർത്ഥനകൾ മാത്രം നടത്തുകയും ചെയ്തു.

## ജി.എസ്.സി.ആർ.എസ്. ഡയറക്ടർ ബോർഡ് അംഗങ്ങൾ

**2020 – 2021 വർഷത്തെ ഭാരവാഹികൾ**

1) റവ. ഫാ. ബെൻസി മാത്യു, കിഴക്കേതിൽ (ചെയർമാൻ)
2) ശ്രീ. ബേബി ജോൺ, മണിമലേത്ത് (സെക്രട്ടറി)
3) ശ്രീ. ബിജു എൻ.സി., നടുവത്താനി (ട്രഷറാർ)
4) ശ്രീ. കെ.ഐ. ഏബ്രഹാം, തെങ്ങടയിൽ
5) ശ്രീ. കെ.എം. മാത്യു, കണ്ണന്താനത്ത്
6) ശ്രീ. ഷാജി ജോസഫ്, വെൺമേലിൽ കിഴക്കേതിൽ
7) ശ്രീ. ബിന്നി ശാമുവേൽ, തലക്കോട്ട്

**എക്സിക്യൂട്ടീവ് അംഗങ്ങൾ**

ശ്രീ. ജയിംസ് ഏബ്രഹാം മേലേൽ, ശ്രീ. കെ.എ. ജോസ് കാരാംകുറ്റിയിൽ, ശ്രീ. ജയിംസ് വേലുകിഴക്കേതിൽ, ശ്രീ. ലിജു കുറിയാക്കോസ് തേക്കാട്ടിൽ, ശ്രീ. ബിനു കെ. സാം കുഴികാലായിൽ, ശ്രീ. ബിനു കുളമടയിൽ, ശ്രീ. തോമസ് പി. ഫിലിപ്പ് പൂവക്കുളത്ത്.

**ഉപദേശക സമിതി**

റവ. ഫാ. ടോം മാത്യു തൊടുവോപ്പുഴ, ശ്രീ. ആലിച്ചൻ ആറൊന്നിൽ, അഡ്വ. വി.സി. സഖറിയ മൈലയ്ക്കൽ

**ഗുഡ് സമരിറ്റൻ കാരുണ്യഹസ്തം ഔഷധസഹായ പദ്ധതി**

31.01.2017 ൽ ആരംഭിച്ച **"കാരുണ്യ ഹസ്തം"** പദ്ധതിയിലൂടെ നിരവധി നിർദ്ധന രോഗികൾക്ക് ഔഷധ സഹായം സൗജന്യമായി നൽകുവാൻ സാധിച്ചു. ഷുഗർ, പ്രഷർ, ആസ്തമ

Chairman Secretary Treasurer

അലർജി രോഗികൾക്കും കിടപ്പുരോഗികൾക്കുമാണ് പ്രധാനമായും ഔഷധങ്ങൾ നൽകി വരുന്നത്

**രോഗീ സഹായങ്ങൾ**

വിവിധ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും, ചികിത്സാ സഹായം നൽകുകയും ചെയ്തു.

**കൊറോണ – കോവിഡ് കാല പ്രവർത്തനങ്ങൾ**

കൊറോണ വൈറസ് വ്യാപനം മൂലം കോവിഡ് രോഗം പടർന്ന സാഹചര്യത്തിൽ പൂർണ്ണമായും സർക്കാർ നിർദ്ദേശങ്ങളും ആരോഗ്യവകുപ്പ് ചട്ടങ്ങളും പാലിച്ചുകൊണ്ട് വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളായി. അകലം പാലിക്കേണ്ടതിന്റെ അനിവാര്യത തിരിച്ചറിഞ്ഞുള്ള പ്രവർത്തനങ്ങളാണ് ചെയ്തത്. മീറ്റിംഗുകളോ ആൾക്കൂട്ടങ്ങളോ ഉണ്ടാകുന്നതിൽ നിന്നും ഒഴിഞ്ഞ് നടത്തിയ വേറിട്ട പ്രവർത്തനം ആയിരുന്നു G S C R S നടത്തിയത്.

ഇക്കാലയളവിൽ കാരുണ്യഹസ്തം പദ്ധതിയിലൂടെ അർഹരായവർക്ക് ഔഷധങ്ങൾ സൗജന്യമായി നൽകി. ആവശ്യമരുന്നുകൾ രോഗി ഭവനങ്ങളിൽ ബിൽ തുക മാത്രം ഈടാക്കി എത്തിച്ചു നൽകി. നിരവധിയാളുകൾക്ക് ഗൈഡൻസ് & കൗൺസിലിംഗ് നൽകുവാനും കഴിഞ്ഞു.

2020 മെയ് 22, 25 തീയതികളിലായി അഞ്ചുകുഴി പ്രത്യാശാഭവൻ, വയലത്തല സർക്കാർ വൃദ്ധമന്ദിരം, അയിരൂർ പ്രൊവിഡൻസ് ഹോം, വയലത്തല ജില്ലാ ജുവനൈൽ ഹോം, അഞ്ചുകുഴി ആകാശപ്പറവകളുടെ ദിവ്യകാരുണ്യാശ്രമം എന്നിവിടങ്ങളിൽ ഫാ. ബെൻസി മാത്യു, ബിജു എൻ.സി., ബിന്നി ശാമുവേൽ, എന്നിവർ ചേർന്ന് സാനിറ്റൈസറുകൾ, സർജിക്കൽ മുഖാവരണങ്ങൾ എന്നിവ നൽകി.

**വാർഷിക ജനറൽ ബോഡിയോഗം**

2020 – 2021 വർഷത്തെ വാർഷിക ജനറൽ ബോഡിയോഗം കോവിഡ് - 19 മൂലം അനിശ്ചിതമായി നീണ്ടുപോയെങ്കിലും 2021 ജൂൺ മാസം 20-ാം തീയതി നടത്തുവാൻ തീരുമാനിച്ചു. സാമൂഹ്യ അകലം പാലിച്ച് ഓൺലൈനായാണ് യോഗം നടന്നത്.

**വരവ് ചെലവ് കണക്ക്**

2020 – 2021 സാമ്പത്തിക വർഷത്തിൽ 241096.97 രൂപ മുൻ നീക്കിയിരുപ്പും 42,804.00 രൂപ വരവും 62185.00 ചെലവും 221715.97 രൂപ നീക്കിബാക്കിയും ഉണ്ട്.

**ബാങ്ക് അക്കൗണ്ട്**

റാന്നി സൗത്ത് ഇന്ത്യൻ ബാങ്കിൽ **0322053000005567** എന്ന അക്കൗണ്ട് ഫാ. ബെൻസി മാത്യുവിന്റെ പേരിലും **0322053000011438** എന്ന അക്കൗണ്ട് ചെയർമാൻ സെക്രട്ടറി എന്നിവരുടെ ജോയിന്റ് അക്കൗണ്ടിലും നിലവിലുണ്ട്.

Chairman Secretary Treasurer

**...ശാബ്ദി സ്നേഹ സംഗമം**

2020 – 2021 സാമ്പത്തിക വർഷത്തിൽ നന്ദി സൂചകമായ ഒരു സ്തോത്രപ്രാർത്ഥനയും ഗുഡ് സമരിറ്റൻ കുടുംബാംഗങ്ങളുടെ ദശാബ്ദി സ്നേഹസംഗമവും നടത്തുവാൻ ആഗ്രഹിച്ചത് ഇക്കൊല്ലം നടത്തുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

**നന്ദി**

സേവനപാതയിൽ കാത്ത് പരിപാലിച്ച ദൈവ തിരുമുമ്പാകെ ഒരായിരം നന്ദി കരേറ്റുന്നു. നല്ല ശമര്യാക്കാരായി പ്രവർത്തിക്കുവാൻ തുടർന്നും ദൈവകൃപകൾക്കായി യാചിക്കുന്നു. നടത്തിയ ഓരോ പ്രവർത്തനങ്ങളിലും ശ്രമദാനം, ദാനമായി വിഭവങ്ങൾ ലഭിക്കുക എന്നിവ ഉണ്ടായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾസഹായ സഹകരണത്താൽ ലാഭകരമായി ചെയ്യുവാൻ ഏവരും സഹകരിച്ചു. മാദ്ധ്യമ പ്രവർത്തകരുടെ സഹകരണവും സ്നേഹവും എടുത്തു പറയത്തക്കതാണ്. നന്ദി രേഖപ്പെടുത്തുന്നു. സജീവ പ്രവർത്തകനായിരുന്ന അകാലത്തിൽ മരിച്ച സിബിൻ തോമസ് പാറാനിക്കൽ, ഡോ. എൽ. മിനി എന്നിവരുടെ ആത്മാക്കൾക്ക് നിത്യ ശാന്തി നേരുന്നു. ചെറുതും വലുതുമായി സഹായിച്ചവർ, സഹകരിച്ചവർ, പ്രാർത്ഥിച്ചവർ, പ്രോത്സാഹനങ്ങൾ നൽകിയവർ, എല്ലാവരേയും ഓർത്ത് പ്രാർത്ഥിച്ചുകൊണ്ടും ദൈവ തിരുമുമ്പാകെ വീണ്ടും നന്ദി കരേറ്റിക്കൊണ്ടും ഈ റിപ്പോർട്ട് അവതരിപ്പിച്ചുകൊള്ളുന്നു.

**ഫാ. ബെൻസി മാത്യു**
(ചെയർമാൻ)

**ബേബി ജോൺ മണിമലേത്ത്**
(സെക്രട്ടറി)

**ബിജു എൻ.സി. നടുവത്താനിൽ**
(ട്രഷറാർ)

GOOD SAMARITAN CHARITABLE & RELIEF SOCIETY
PAZHAVANGADI P.O.
RANNY-689 673
KERALA, INDIA
Reg. No: P.430/2009

റാന്നി
20/06/2021

Chairman

Secretary

Treasurer